# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

12-07-2016 ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 125

## വിഴിഞ്ഞം തുറമുഖ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.ആൻസലൻ :<br>ശ്രീ. കെ.സുരേഷ് കുറുപ്പ് :<br>ശ്രീ. ബി.സത്യൻ :<br>ശ്രീ. വി.ജോയി : | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖ പദ്ധതി കരാറിൽ സംസ്ഥാനത്തെ ജനങ്ങളുടെ താത്പര്യത്തിന് വിരുദ്ധമായ വ്യവസ്ഥകൾ ഉണ്ടോ എന്ന് വ്യക്തമാക്കുമോ ; എങ്കിൽ അവ പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ ; | (എ) | ചില ആശങ്കകളും പരാതികളും ഉന്നയിക്കപ്പെട്ടിട്ടുണ്ട്. പദ്ധതി പ്രവർത്തനത്തിന് തടസ്സം വരാത്തവിധം അവ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. പ്രദേശത്തെ ജനങ്ങളുടെ പുനരധിവാസ പ്രശ്നത്തിനും പരിഹാരം ഉണ്ടാക്കേണ്ടതുണ്ട്. |
| (ബി) പദ്ധതിയുടെ ഭാഗമായി മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടാനിടയാക്കുന്ന സാഹചര്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | പദ്ധതി നിർമ്മാണം മൂലം പദ്ധതിപ്രദേശത്ത് മത്സ്യബന്ധനം നടത്തുന്ന ചിപ്പിത്തൊഴിലാളികൾ, കരമടിത്തൊഴിലാളികൾ, എന്നിവരുടെ തൊഴിൽ ബാധിക്കപ്പെടുമെന്ന് പദ്ധതിക്കായി നടത്തിയ പാരിസ്ഥിതിക പഠന റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. |
| (സി) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഭാഗമായി ഉപജീവനോപാധി നഷ്ടപ്പെടുന്നവർക്ക് ഏതു തരത്തി | (സി) | വിഴിഞ്ഞം തുറമുഖ പദ്ധതിയ്ക്കായി കേന്ദ്രസർക്കാരിന്റെ പാരിസ്ഥിതിക അംഗീകാരത്തിനായി നടത്തിയ പാരിസ്ഥിതിക പഠന റിപ്പോർട്ടിൽ ഉപജീവനോപാധി നഷ്ടപ്പെടുന്നവർക്ക് ധനസഹായം |

ലുള്ള പുനരധിവാസമാണ് നൽകുന്നതെന്ന് അറിയിക്കാമോ ;

നൽകുന്നതിനും, പദ്ധതി പ്രദേശത്തെ ചിപ്പി/ ലോബ്സ്റ്റർ മത്സ്യത്തൊഴിലാളികൾക്കും, കരമടി മത്സ്യത്തൊഴിലാളികൾക്കും, ധനസഹായത്തിനു പുറമെ കടലിൽ പോയി മത്സ്യബന്ധനം നടത്തുന്നതിനായി വള്ളം, വല മുതലായ ഉപകരണങ്ങൾ നൽകുന്നതിനും ശുപാർശ ചെയ്തിരുന്നു. പുനരധിവാസവുമായി ബന്ധപ്പെട്ട് സർക്കാർ രൂപീകരിച്ച ഉപജീവനാഘാത നിർണ്ണയ സമിതിയും (Livelihood Impact Appraisal Committee- LIAC) ബാധിക്കപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് മത്സ്യക്കൂട് കൃഷി (cage fishing) ക്ക് ധനസഹായം ശുപാർശ ചെയ്തിരുന്നു. എന്നാൽ ബാധിക്കപ്പെടുന്ന ചിപ്പിത്തൊഴിലാളികൾക്ക് മറ്റു മത്സ്യബന്ധന തൊഴിലിൽ പ്രാവിണ്യം ഇല്ലാത്ത തിനാലും, പ്രായാധിക്യം കാരണം ബാധിക്കപ്പെടുന്ന കരമടിമത്സ്യ തൊഴിലാളികൾക്ക് ഉൾക്കടൽ മത്സ്യബന്ധനം സാധ്യമല്ലാത്തതിനാലും അവരുടെ പുനരധിവാസം ഒറ്റത്തവണ തീർപ്പാക്കൽ എന്ന രീതിയിൽ ധനസഹായമായി നൽകാൻ അഭ്യർത്ഥിക്കുകയും സർക്കാർ ഇത് അംഗീകരിക്കുകയും ചെയ്തു.

പദ്ധതിയുടെ നിർമ്മാണം മൂലം നേരിട്ട് തൊഴിൽ നഷ്ടപ്പെടുന്നവർക്ക് 23.8 കോടി രൂപയുടെ നഷ്ടപരിഹാരം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പുനരധിവാസത്തിൽ തുറമുഖ നിർമ്മാണത്തിനും നടത്തിപ്പിനും കരാർ നൽകിയിരിക്കുന്ന കമ്പനിയുടെ ഉത്തരവാദിത്വം എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പുനരധിവാസത്തിന്റെ ഉത്തരവാദിത്വം പൂർണ്ണമായും സംസ്ഥാന സർക്കാരിന്റേതാണ്.

(ഇ) മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിന് എന്തെല്ലാം നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കാമോ ?

(ഇ) മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി ചുവടെ പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

1. **വലിയകടപ്പുറം ബീച്ച് ഉപയോഗിച്ച് കരമടി മത്സ്യബന്ധനം നടത്തുന്നവരുടെ പുനരധിവാസ നടപടികൾ**

വലിയകടപ്പുറം ബീച്ച് ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന കരമടി ഉടമകളെയും കരമടി

തൊഴിലാളികളെയും സംബന്ധിച്ച ഒന്നാംഘട്ട റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ഇതിൽ അർഹരായവർക്കുള്ള നഷ്ടപരിഹാരം ഇതിനകം വിതരണം ചെയ്യുകയുമുണ്ടായി. ഇതിന്റെ രണ്ടാം ഘട്ട റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു

**2. മുല്ലൂർ/ സൂര്യ സമുദ്ര ബീച്ചുകളിൽ നിന്നും കട്ടമരത്തിൽ പോയി ചിപ്പി/ലോബ്സ്റ്റർ മത്സ്യബന്ധനം നടത്തുന്നവർ.**

മുല്ലൂർ/ സൂര്യ സമുദ്ര ബീച്ചുകളിൽ നിന്നും കട്ടമരം ഉപയോഗിച്ച് ചിപ്പി/ലോബ്സ്റ്റർ മത്സ്യബന്ധനം നടത്തുന്നവരെ സംബന്ധിച്ച ഒന്നാംഘട്ട റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ഇതിൽ അർഹരായവർക്കുള്ള നഷ്ടപരിഹാരം ഇതിനകം വിതരണം ചെയ്യുകയുമുണ്ടായി. ഇതിന്റെ രണ്ടാം ഘട്ട റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു

**3. മുല്ലൂർ/ സൂര്യ സമുദ്ര ബീച്ചുകളിൽ നിന്നും കട്ടമരം ഉപയോഗിക്കാതെ കരയിൽ കൂടി ചിപ്പി/ലോബ്സ്റ്റർ മത്സ്യബന്ധനം നടത്തുന്നവരും, ചിപ്പി കച്ചവടം ചെയ്യുന്നവരും**

മുല്ലൂർ/ സൂര്യ സമുദ്ര ബീച്ചുകളിൽ നിന്നും കട്ടമരം ഉപയോഗിക്കാതെ കരയിൽ കൂടി ചിപ്പി/ലോബ്സ്റ്റർ മത്സ്യബന്ധനം നടത്തുന്നവരെയും, ചിപ്പി കച്ചവടം ചെയ്യുന്നവരെയും സംബന്ധിച്ച ഒന്നാം ഘട്ട റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

**4. പദ്ധതി പ്രദേശത്തിന്റെ സമീപ പ്രദേശങ്ങളിൽ നിന്നും(ഹാർബർ വാർഡ്) പദ്ധതി പ്രദേശത്ത് വന്ന് ചിപ്പി/ലോബ്സ്റ്റർ മത്സ്യബന്ധനം നടത്തുന്നവർ.**

പദ്ധതി പ്രദേശത്തിന്റെ സമീപ പ്രദേശങ്ങളിൽ നിന്നും (ഹാർബർ വാർഡ്) പദ്ധതി പ്രദേശത്ത് വന്ന് ചിപ്പി/ലോബ്സ്റ്റർ മത്സ്യബന്ധനം നടത്തുന്നവരെ സംബന്ധിച്ച ഒന്നാംഘട്ട റിപ്പോർട്ട് 05.07.2016 ന് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം അംഗീകരിക്കുകയും അർഹരായ 122 മത്സ്യത്തൊഴിലാളികൾക്ക് 01-03-2016 ലെ സ.ഉ(കൈ)നം. 7/2016/മതുവ ഉത്തരവ് പ്രകാരം നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനിക്കുകയുമുണ്ടായി.

5. യന്ത്രംഘടിപ്പിക്കാത്ത ബോട്ട്/കട്ടമരം ഉപയോഗിച്ച് പദ്ധതി പ്രദേശത്തും സമീപ പ്രദേ

ശത്തും മത്സ്യബന്ധനം നടത്തുന്നവരെ കണ്ടെത്തുന്നതിനും അവർക്കുള്ള നഷ്ടപരിഹാരം നിശ്ചയിക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

6. യന്ത്രംഘടിപ്പിച്ച ബോട്ട് ഉപയോഗിച്ച് പദ്ധതി പ്രദേശത്ത് മത്സ്യബന്ധനം നടത്തുന്നവർക്ക് നിർമ്മാണഘട്ടത്തിൽ താൽക്കാലിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് സാമ്പത്തിക സഹായത്തിന് Livelihood Impact Appraisal Committee (LIAC) തയ്യാറാക്കിയ റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ട്. അർഹരായ ബോട്ട് ഉടമകളെ കണ്ടെത്തേണ്ടതുണ്ട്.

**കൂടാതെ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം ഉറപ്പാക്കുന്നതിനായി ചുവടെ പറയുന്ന അടിസ്ഥാന വികസന പ്രവർത്തനങ്ങൾ സ്വീകരിച്ചിട്ടുണ്ട്.**

1. അന്താരാഷ്ട്ര നിലവാരത്തിലുള്ള പുതിയ മത്സ്യബന്ധന തുറമുഖം- വിഴിഞ്ഞത്ത് അന്താരാഷ്ട്ര നിലവാരത്തിലുള്ള നിലവിലുള്ളതും 500മീറ്റർ ബർത്തോടുകൂടിയ ഒരു പുതിയ മത്സ്യബന്ധന തുറമുഖം പദ്ധതി നിർമ്മാണത്തോടൊപ്പം പൂർത്തീകരിക്കുന്നതിനാുള്ള നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്.

2.. മത്സ്യസംസ്ക്കരണശാല (Seafood Park)

വിഴിഞ്ഞത്തെ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിനും അവിടെ തന്നെ മൂല്യവർദ്ധനവ് ഉണ്ടാക്കുന്നതിനും വേണ്ടി ഒരു Seafood Park കേന്ദ്രസർക്കാരിന്റെ സഹായത്തോടെ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**